**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1707** **08-02-2023 - ൽ മറുപടിയ്ക്ക്**

**കെ.ആർ.നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് ആന്റ് ആർട്സ് കോളേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ.കെ.രമ** | | **ഡോ. ആർ ബിന്ദു (ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | കെ. ആർ. നാരായണൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് ആന്റ് ആർട്സ് കോളേജിൽ വിദ്യാർത്ഥികൾ നടത്തിയിരുന്ന സമരം ശ്രദ്ധയിൽപ്പെട്ടിരുന്നോ; എന്തൊക്കെ വിഷയങ്ങൾ ഉന്നയിച്ചാണ് വിദ്യാർത്ഥികൾ സമരം ചെയ്തിരുന്നത്; വിദ്യാർഥികൾ നൽകിയ പരാതിയുടെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>കെ. ആർ. നാരായണൻ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർക്കെതിരെ പ്രവേശന മാനദണ്ഡങ്ങൾ പാലിക്കുന്നില്ല, സംവരണം അട്ടിമറിക്കുന്നു, വിദ്യാർത്ഥികളോടും ജീവനക്കാരോടും ജാതി വിവേചനം കാട്ടുന്നു, കോഴ്സുകളുടെ കാലദൈർഘ്യം കുറയ്ക്കുന്നു, വിദ്യാർത്ഥികൾക്ക് പഠനം പൂർത്തീകരിക്കുന്നതിന് സൗകര്യം നൽകുന്നില്ല, ഇ-ഗ്രാന്റ്സ് ആനുകൂല്യം കൃത്യമായി നൽകുന്നില്ല, സ്ഥാപനത്തിന്റെ സൗകര്യങ്ങൾ വിദ്യാർത്ഥികൾക്ക് കൃത്യമായി നൽകുന്നില്ല എന്നിവ സംബന്ധിച്ചായിരുന്നു പ്രധാന പരാതികൾ.<br><br>പരാതികളുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത സ്ഥാപനത്തിൽ നടന്ന മനുഷ്യത്വരഹിതവും ജാതിവിരുദ്ധവും സ്ത്രീവിരുദ്ധവുമായ വിഷയങ്ങൾ സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് ഏതൊക്കെ കമ്മീഷനുകളെയും സമിതികളെയും ആണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; കമ്മീഷനുകളുടെയും സമിതികളുടെയും പേരു വിവരങ്ങൾ ലഭ്യമാക്കാമോ; | (ബി) | കെ.ആർ.നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് ആന്റ് ആർട്സിലെ വിദ്യാർത്ഥികളും ജീവനക്കാരും ഉന്നയിച്ചിരിക്കുന്ന ആരോപണങ്ങൾ അന്വേഷിക്കുന്നതിനായി 01.12.2022 തീയതിയിലെ സ.ഉ(സാധാ)നം.1773/2022/ഉ.വി.വ നം. ഉത്തരവ് പ്രകാരം ഉന്നത വിദ്യാഭ്യാസ വകുപ്പിലെ അഡീഷണൽ സെക്രട്ടറിമാരായ ശ്രീ.അനിൽ കുമാർ വി.എസ്, ശ്രീ.ഹരികുമാർ.ജി, സെക്ഷൻ ഓഫീസർ ശ്രീമതി.അശോകകുമാരി എന്നിവർ അംഗങ്ങളായ ഒരു കമ്മീഷനെയും 23.12.2022 തീയതിയിൽ സ.ഉ(സാധാ)നം.1877/2022/ഉ.വി.വ നം. ഉത്തരവ് പ്രകാരം തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവകലാശാല മുൻ വൈസ് ചാൻസലറും മുൻ ചീഫ് സെക്രട്ടറിയും ഐ.എം.ജി. ഡയറക്ടറുമായ ശ്രീ.കെ.ജയകുമാർ ഐ.എ.എസ്(റിട്ട), ന്യൂവാൽസ് മുൻ വൈസ് ചാൻസലറും മുൻ നിയമസഭാ |

| | | | |
|---|---|---|---|
| | | | സെക്രട്ടറിയുമായ ഡോ.എൻ.കെ ജയകുമാർ എന്നിവർ അംഗങ്ങളായ ഉന്നത തല കമ്മീഷനെയും നിയമിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത കമ്മീഷനുകളോ സമിതികളോ അവരുടെ റിപ്പോർട്ടുകൾ ഇതിനോടകം സമർപ്പിക്കുകയുണ്ടായോ; എന്തൊക്കെയാണ് റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ; റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ; | (സി) | സമർപ്പിച്ചിട്ടുണ്ട്.<br><br>അന്വേഷണ കമ്മീഷനുകൾ സമർപ്പിച്ച റിപ്പോർട്ടുകൾ പരിശോധിച്ച് വരുന്നു. |
| (ഡി) | ഇ-ഗ്രാന്റ് വിതരണം മുടങ്ങിയ വിഷയത്തിൽ സമരം ചെയ്ത വിദ്യാർത്ഥികളിൽ ചിലർക്ക് മൂന്ന് വർഷം കൊണ്ട് തീരേണ്ട കോഴ്സ് എട്ട് വർഷമായിട്ടും പൂർത്തിയാക്കാൻ കഴിയാത്തത് പ്രസ്തുത വിദ്യാർത്ഥികൾ സമരം ചെയ്തതിന്റെ പ്രതികാര നടപടികളുടെ ഭാഗമായാണെന്ന ആരോപണത്തിന്മേൽ അന്വേഷണമെന്തെങ്കിലും നടത്തുകയുണ്ടായോയെന്ന് വ്യക്തമാക്കാമോ; | (ഡി) | ഉണ്ട്. |
| (ഇ) | വിദ്യാർത്ഥികൾ നടത്തിയ സമരങ്ങളുമായി ബന്ധപ്പെട്ട് ആരെയെങ്കിലും കുറ്റക്കാരായി കണ്ടെത്തുകയുണ്ടായോ; എങ്കിൽ ഇവർക്കെതിരെ സ്വീകരിച്ചിട്ടുള്ള നടപടികൾ, എന്തെല്ലാമാണെന്ന് വിശദാംശം നൽകുമോ? | (ഇ) | അന്വേഷണ കമ്മീഷനുകൾ സമർപ്പിച്ച റിപ്പോർട്ടുകൾ സർക്കാർ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ

3

018 (L) 5003540

ബഹു : കേരള മുഖ്യ മന്ത്രി ശ്രീ പിണറായി വിജയൻ അവറുകൾക്ക് മുൻപാകെ കെ ആർ നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് & ആർട്സ് (KRNNIVSA) രണ്ടാം വർഷം അനിമേഷൻ & വി എഫ് എക്സ് വിദ്യാർത്ഥികളും മാതാപിതാക്കളും സമർപ്പിക്കുന്ന പരാതി.

സർ,

ഇന്ത്യയിലെ മൂന്നാമത്തെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടും കേരള സർക്കാർ സ്ഥാപനവുമായ (KRNNIVSA) യിലെ അനിമേഷൻ & വി എഫ് എക്സ് ഡിപ്പാർട്ട്മെന്റിന്റെ ഇപ്പോഴത്തെ പരിതാപകരമായ അവസ്ഥയെപ്പറ്റിയുള്ള വിവരങ്ങൾ അങ്ങയുടെ അടിയന്തര ശ്രദ്ധയ്ക്കും തുടർന്നുള്ള പ്രശ്നപരിഹാരത്തിനുമായി അറിയിക്കുന്നു. ഇതുമായി ബന്ധപ്പെട്ട ഒരു പരാതി 2019 ഏപ്രിൽ 15 നു ബഹുമാനപെട്ട ഉന്നത വിദ്യാഭ്യാസ ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി ശ്രീ കെ ടി ജലീൽ മുൻപാകെ സമർപ്പിച്ചിട്ടുണ്ട്. (KRNNIVSA) യിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാമെന്നു അദ്ദേഹവും സമ്മതിച്ചിട്ടുണ്ട്. എങ്കിലും ഞങ്ങളുടെ പ്രശ്നത്തിന്റെ ഗൗരവം ബഹുമാനപെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ കൂടി കൊണ്ടുവരുവാൻ ആഗ്രഹിക്കുന്നു.

ആദ്യ വർഷത്തെ ഫൗണ്ടേഷൻ കോഴ്സ് മികച്ചതും തൃപ്തികരവുമായിരുന്നു എന്നറിയിക്കുന്നതിൽ വളരെ സന്തോഷമുണ്ട്. പക്ഷെ രണ്ടാം വർഷത്തിൽ ഞങ്ങളുടെ സ്പെഷ്യലിക വിഷയമായ അനിമേഷൻ ക്ലാസ്സുകൾ തുടങ്ങിയപ്പോഴേക്കും കാര്യങ്ങൾ ആകെ മാറി. അനിമേഷന്റെ സൗന്ദര്യശാസ്ത്രപരവും ആശയപരവുമായ ശാഖകളെപ്പറ്റി അവബോധമുള്ള അധ്യാപകർ ഇൻസ്റ്റിറ്റ്യൂട്ട് വിട്ടു പോയി. (KRNNIVSA) - യിലെ അനിമേഷൻ പഠനം ഒരു നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് നിലവാരത്തിൽ നിന്നും സോഫ്റ്റ് വെയർ മാത്രം പഠിപ്പിക്കുന്ന പ്രാദേശിക കമ്പ്യൂട്ടർ സെന്ററിലേതുപോലെയായി. സൃഷ്ടിപരമായ ചിന്തകൾക്കോ ചർച്ചകൾക്കോ പ്രാധാന്യമില്ലാത്ത അവസ്ഥയിലേക്ക് ക്ലാസ്സുകൾ തരം താണു. ദേശീയ

കഠിന പരീക്ഷയും അഭിമുഖവും പാസ്സായി വളരെ പ്രതീക്ഷയോടുകൂടെ (KRNNIVSA) - യിൽ പ്രവേശനം നേടിയ ഞങ്ങൾ തികച്ചും നിരാശരാണ്

ഞങ്ങളുടെ പ്രശ്നങ്ങൾ ചൂണ്ടിക്കാണിച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർക്കു നൽകിയ പരാതികൾക്ക് മുടന്തൻ ന്യായങ്ങൾ മാത്രമാണ് മറുപടിയായി ലഭിച്ചത്. പക്ഷെ (KRNNIVSA) - യിലെ മറ്റു ഡിപ്പാർട്മെന്റുകളിൽ ഇന്ത്യയിലെ പ്രഗത്ഭർ നയിച്ച വർക്ക്ഷോപ്പുകൾ നടന്നു. അതിന്റെ കാരണം പ്രസ്തുത ഡിപ്പാർട്മെന്റുകൾ നയിക്കുന്നവരും അധ്യാപകരും ആ ജോലി ചെയ്യുവാനുള്ള വിദ്യാഭ്യാസ യോഗ്യതയും പ്രാപ്തിയുമുള്ളവരാണ് എന്നാൽ അനിമേഷൻ & വി എഫ് എക്സ് ഡിപ്പാർട്മെന്റിൽ തക്കതായ വിദ്യാഭ്യാസ യോഗ്യതയും പ്രാഗത്ഭ്യമുള്ള വകുപ്പ് മേധാവിയില്ല ഈ അവസ്ഥ ഞങ്ങളുടെ ഡിപ്പാർട്മെന്റിന്റെ പ്രവർത്തനത്തെ ദോഷകരമായ രീതിയിൽ ബാധിക്കുന്നു

ഞങ്ങളുടെ പരാതികൾ കേൾക്കുകയും പരിഹരിക്കയും ചെയ്യേണ്ട ഡയറക്ടർ അപൂർവമായി മാത്രമേ ഈ സ്ഥാപനത്തിൽ വരാറുണ്ടായിരുന്നുള്ളൂ. അദ്ദേഹത്തിന് മുന്നിൽ പരാതികൾ അവതരിപ്പിച്ചിട്ടും ഫലമൊന്നുമുണ്ടായിട്ടില്ല. അതുകൊണ്ടാണ് സംസ്ഥാനത്തിന്റെ ഭരണാധികാരിയായ അങ്ങയുടെ മുൻപിൽ ഞങ്ങളുടെ ആവശ്യങ്ങൾ സമർപ്പിക്കുന്നത്

## ഞങ്ങളുടെ ആവശ്യങ്ങൾ:

വളരെ വിശദമായ സിലബസ് ഉള്ള കോഴ്സ് ആണ് ഞങ്ങളുടേതെങ്കിലും ഇതുവരെ പഠിപ്പിക്കേണ്ട കാര്യങ്ങൾ പോലും പഠിപ്പിച്ചു തീർന്നിട്ടില്ല. അത് പഠിപ്പിക്കുവാൻ യോഗ്യതയുള്ള അധ്യാപകർ ഇപ്പോൾ ഇൻസ്റ്റിറ്റ്യൂട്ടിൽ ഇല്ല.

അതുകൊണ്ട് നാഷണൽ [illegible] നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (NID). ഇൻഡസ്ട്രിയൽ ഡിസൈൻ സെന്റർ (IDC) മുംബൈ പോലുള്ള നിലവാരമുള്ള ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും വിദ്യാഭ്യാസം നേടിയവരെ (KRNNIVSA) - യിലെ അനിമേഷൻ ഡിപ്പാർട്ട്മെന്റിന്റെ മേധാവിയും പ്രധാന അദ്ധ്യാപകരുമായും നിയമിക്കണമെന്നു അഭ്യർത്ഥിക്കുന്നു. ഇത്തരത്തിലുള്ള അദ്ധ്യാപകരുടെ സാന്നിധ്യം ഞങ്ങളുടെ ഡിപ്പാർട്ട്മെന്റിന്റെ നിലവാരം വർധിപ്പിക്കും.

താഴെ പറയുന്ന വിഷയങ്ങളെ സംബന്ധിച്ച ക്ലാസ്സുകളും വിശദമായ ശില്പശാലകളും നിർബന്ധമായി ഞങ്ങൾക്ക് ആവശ്യമാണ്.

1 ) അനിമേഷൻ സിനിമയ്ക്കുവേണ്ടി കഥകൾ സൃഷ്ടിക്കുന്ന രീതികൾ. തിരക്കഥാ രചന തുടങ്ങിയവയുടെ പരമ്പരാഗതവും നൂതനവുമായുള്ള ശില്പശാലകളും മാസ്റ്റർ ക്ലാസ്സുകളും.

2 ) കളർ & ഫോം എന്ന വിഷയത്തിൽ കളർ വീലിനെ പറ്റിയുള്ള വിശദമായ അറിവുകൾ. അനിമേഷൻ സിനിമകളിൽ കളറുകളുടെ ഉപയോഗം. കളറുകൾ ഉപയോഗിച്ചു മൂഡുകൾ സൃഷ്ടിക്കുന്നതിന്റെ രീതികൾ എന്നിവയെപ്പറ്റിയുള്ള വിശദമായ ക്ലാസ്സുകൾ.

3 ) ക്യാരക്ടർ ഡിസൈൻ & എക്സ്പ്ലൊറേഷൻ എന്ന വിഷയത്തിൽ കുറഞ്ഞത് മൂന്ന് ആഴ്ചത്തെ വിദഗ്ദ്ധ പരിശീലനം.

4 ) അനിമേഷൻ സിനിമകളുടെ പ്രൊഡക്ഷൻ ഡിസൈൻ.

5 ) വിഷ്വൽ സ്ക്രിപ്റ്റിംഗുമായി ബന്ധപെട്ടു താഴെ പറയുന്ന വിഷയങ്ങളിൽ കുറഞ്ഞത് മൂന്നു ആഴ്ചത്തെ പരിശീലനം. ദൃശ്യങ്ങളിലൂടെ എങ്ങനെ കഥ പറയാം, സ്റ്റോറിബോർഡ്, നിറങ്ങളിലും മറ്റുള്ള വിവിധതരം ശൈലികളെ പറ്റിയുള്ള പഠനം

6 ) ഭാരതീയ പാരമ്പര്യത്തിലുള്ള ദൃശ്യകലകൾ, സംഗീതം, നൃത്തം, നാടകം, വാസ്തുശാസ്ത്രം, തുടങ്ങിയ വിഷയങ്ങളിലുള്ള ക്ളാസ്സുകൾ.

7 ) സ്കെച്ചിങ്ങിലും അനാട്ടമിയിലും വിശദമായ ക്ളാസ്സുകൾ.

8 ) ഇൻസ്റ്റിറ്റ്യൂട്ടിലെ മറ്റ് ഡിപ്പാർട്മെന്റുകളുമായി ചേർന്ന് അനിമേഷനിൽ സ്വീകാര്യമായ വിഷയങ്ങളെ പറ്റിയുള്ള പഠനങ്ങൾ.

9 ) അഭിനയത്തിലും ശബ്ദലേഖനത്തിനുമുള്ള വിശദമായ ക്ളാസ്സുകൾ.

അടിസ്ഥാന സൗകര്യങ്ങളുമായി ബന്ധപ്പെട്ട ആവശ്യങ്ങൾ :

1 ) അനിമേഷൻ വർക്കുകൾക്ക് അനുയോജ്യമായ ആധുനിക കംപ്യൂട്ടറുകൾ. ഇപ്പോഴുള്ള സംവിധാനങ്ങൾ ആലോചനയില്ലാതെ സംഘടിപ്പിച്ചവയാണ്.

2 ) അനിമേഷന് ആവശ്യമായ റെൻഡറിംഗ് ഫാമുകൾ.

3 ) നിലവിലുള്ള സോഫ്ട് വെയറുകൾ വേണ്ടത്ര ആലോചനയില്ലാതെ വാങ്ങിയവയാണ്. അതുകൊണ്ട് അവയുടെ അപ്ഡേഷനും ലൈസൻസും സംബന്ധിച്ചു ഒട്ടനവധി പ്രശ്നങ്ങൾ ഉണ്ട്. മാത്രമല്ല ഈ സോഫ്ട് വെയറുകൾ വിദ്യാർത്ഥികളിൽ എത്തിക്കുന്നതിൽ അധ്യാപകന്മാർ പരാജയപ്പെട്ടിട്ടുമുണ്ട്.

4 ) അനിമേഷൻ ഡിപ്പാർട്മെന്റിന് വേണ്ട മാർഗനിർദേശങ്ങൾ നൽകുവാനായി വിദഗ്ധ സമിതി രൂപീകരിക്കുക.

5 ) ചുമതലാബോധവും മൂല്യബോധമുള്ള സിനിമയും അനിമേഷനുമായി ബന്ധമുള്ള പ്രഗത്ഭനായ ഒരു വ്യക്തിയെ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറായി നിയമിക്കുക.

[illegible] Higher Education

[illegible]മൽ പറയുന്ന ആവശ്യങ്ങൾ അടിസ്ഥാനപരമായ സ്വഭാവമുള്ളതാണ് പ്രസ്തുത പ്രശ്നങ്ങൾക്ക് അടിയന്തരമായി പരിഹാരമുണ്ടാകണമെന്നു വിനിതമായി അപേക്ഷിക്കുന്നു

വിശ്വസ്തതയോടെ .

അനിമേഷൻ രണ്ടാം വർഷ

വിദ്യാർത്ഥികളെ പ്രതിനിതികരിച്ച്

1 ) വി എസ് മനു [illegible]

2 ) [illegible] ആർ പ്രദീ[illegible] [illegible]

രക്ഷാകർത്താക്കളെ

പ്രതിനിതികരിച്ച്

1 ) സാബു എബ്രഹാം F.O [illegible]

2 ) പ്രദീപ് കുമാർ F.O [illegible]

എസ് മനു

ആർ പ്രദീപ്

6718272/2022/O/o Minister Higher Education

5317/H.Edu.M (H.Edu & SJ) /2022

ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിയുടെ മുൻപാകെ അടിയന്തിര ഇടപെടൽ ആവശ്യത്തിലേക്ക് സമർപ്പിക്കുന്ന പരാതി.

ഹയർ എജുക്കേഷൻ കീഴിലുള്ള ഇന്ത്യയിലെ മൂന്നാമത്തേതും കേരളത്തിലെ ഒന്നാമത്തേതും ആയ കെ ആർ നാരായണൻ നാഷണൽ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിലെ റിക്രൂട്ട്മെൻറ് മായി ബന്ധപ്പെട്ടു നടക്കുന്ന നിയമവിരുദ്ധമായ നിയമനങ്ങൾ അങ്ങയുടെ ശ്രദ്ധയിൽ പെടുത്തുന്ന തിനായും പരിഹാരമായി അടിയന്തര ഇടപെടൽ ആവശ്യപ്പെട്ടുകൊണ്ടും ആണ്ഈ പരാതി എഴുതുന്നത്.

.ലോകത്തിലെ തന്നെ പ്രശസ്തനായ സിനിമാ സംവിധായകൻ ശ്രീ അടൂർ ഗോപാലകൃഷ്ണൻ എന്ന വ്യക്തിയുടെ പേര് മുൻനിർത്തി ശ്രീ ശങ്കർ മോഹൻ എന്ന ഡയറക്ടർ നടത്തുന്ന നിയമവിരുദ്ധംമായതും ജാതീയമായ അധിക്ഷേപത്തോടെ കുടിയതുമായ അഡ്മിഷൻ റിക്രൂട്ട്മെൻറ് ടുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1 30 ലക്ഷം രൂപയോളം ചെലവിട്ടു നടത്തിയ രണ്ട് റിക്രൂട്ട്മെൻറ് കളിലായി നിരവധി ക്വാളിഫൈഡ് ആയുള്ള ഉദ്യോഗാർത്ഥികൾ പങ്കെടുത്തെങ്കിലും ഇൻറർവ്യൂ ബോർഡിൽ അംഗമായ ഇൻസ്റ്റിറ്റ്യൂട്ടിലെ ഡീൻ ഇൻചാർജ് ആയി ഇരിക്കുന്ന ആളെ മുന്നോട്ട് തുടർന്ന് പോകുന്നതിനായി ഒരു ഉദ്യോഗാർത്ഥികളും സെലക്ട് ചെയ്യാതിരിക്കുകയും അതുവഴി ഗവൺമെൻറിന് നഷ്ടം ഉണ്ടാക്കുകയും ചെയ്യു.

2. 70 വയസ്സിനു മുകളിൽ പ്രായമുള്ള ഒരു ഉദ്യോഗാർഥിയെ അപ്പോയിൻറ് ചെയ്യുകയും അദ്ദേഹത്തിന് ആവശ്യമായ താമസസൗകര്യവും ഇൻസ്റ്റ്യൂട്ട് ചെലവിൽ ഒരുക്കിക്കൊടുക്കുകയും ചെയ്യു.

3. നിരവധി ഉദ്യോഗാർത്ഥികൾ പലതവണ ഓൺലൈൻ ഇൻറർവ്യൂനുള്ള അപേക്ഷ കൊടുത്തെങ്കിലും അവയെല്ലാം നിരസിച്ചുകൊണ്ട് നോട്ടിഫിക്കേഷനിൽ ഇല്ലാത്ത ഓൺലൈൻ ഇൻറർവ്യൂ എന്ന പ്രൊവിഷൻ സ്വമേധയാ തീരുമാനിക്കുകയും ഒരു പോസ്റ്റിൽ മാത്രം ഇൻറർവ്യൂ സ്ഥലത്ത് എത്തിയ ഉദ്യോഗാർത്ഥികളെ പരിഗണിക്കാതെ സർട്ടിഫിക്കറ്റ് വെരിഫിക്കേഷനും നടത്താതെ ഓൺലൈന് ഇൻറർവ്യൂ ചെയ്യു ഡയറക്ടറുടെ സ്വന്തം പരിചയത്തിലുള്ള ഒരു ഉദ്യോഗാർഥിയെ സെലക്ട് ചെയ്യതായും അറിയാൻ കഴിഞ്ഞു.

4. 2014 മുതൽ അഡ്മിഷൻ പ്രോസസിൽ ഇല്ലാതിരുന്ന കട്ട് ഓഫ് മാർക്ക് എന്ന പുതിയ നിയമം 2022 അഡ്മിഷൻ മുതൽ ഉണ്ടാക്കുകയും അതുവഴി ജാതീയമായി പിന്നോക്കം നിൽക്കുന്ന വിദ്യാർഥികളെ പിൻ തള്ളുകയും ചെയ്യു.

5. സ്ക്രിപ്റ്റ് റൈറ്റിംഗ് ആൻഡ് ഡയറക്ഷൻ ഡിപ്പാർട്ട്മെൻറ് വിഭാഗത്തിൽ മുൻപ് വിദ്യാഭ്യാസ യോഗ്യത ഇല്ലാത്തതിനാൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും പറഞ്ഞയച്ച ക്യാമറാമാനായ ശ്രീ സണ്ണി ജോസഫിനെ അഡ്ജസ്റ്റ് പ്രൊഫസർ ആയി ഒരു മാനദണ്ഡവും കൂടാതെ 1 ലക്ഷം രൂപ ശമ്പളത്തോടു കുടി നിയമിക്കുകയും ചെയ്യു.

6. 10 പോസ്റ്റിലേക്കുള്ള ഇൻറർവ്യൂൽ ഏകദേശം നാല് പോസ്റ്റിലേക്കുള്ള ഇൻറർവ്യൂ കളിൽ ശ്രീ അടൂർ ഗോപാലകൃഷ്ണൻ നെഞ്ചുവേദനയെ തുടർന്ന് ആശുപത്രിയിൽ അഡ്മിറ്റ് ആവുകയും അദ്ദേഹം ഇല്ലാതിരുന്നിട്ടും അദ്ദേഹത്തിൻറെ പേരിൽ സ്വന്തം ഇഷ്ടപ്രകാരം മുൻ നിശ്ചയിച്ച പ്രകാരം ഉള്ള ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിനായി സ്വന്തമായി സ്കോർ ഷീറ്റുകൾ നിർമ്മിക്കുകയും ശ്രീ അടൂർ ഗോപാലകൃഷ്ണൻറെ അറിവില്ലാതെ അദ്ദേഹം ഇൻറർവ്യൂ പോലും ചെയ്യാത്ത ആളുകളെ നിയമിച്ചതായി അറിയാൻ കഴിഞ്ഞു. ഒരു നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ലേക്കുള്ള ഇൻറർവ്യൂ കളിൽ ഇത്രയേറെ നിയമവിരുദ്ധമായ പ്രവർത്തനങ്ങൾ അറിഞ്ഞ ദയവായി അങ്ങ് അടിയന്തരമായി ഇടപെടണമെന്ന് അപേക്ഷിക്കുന്നു

7. എട്ടുവർഷത്തോളം ആക്ടിംഗ് വകുപ്പ് മേധാവിയായിരുന്ന പ്രശസ്തന്നും പ്രഗത്ഭനും ആയ ഒരു ഉദ്യോഗാർഥിയെ ജാതിയമായി താഴ്ന്ന നിലയിൽ ആയതിനാൽ പിൻ തള്ളുകയും അതേ ഡിപ്പാർട്ട്മെൻറ് തന്നെ വേണ്ടത്ര പ്രവൃത്തിപരിചയം ഇല്ലാത്ത അസിസ്റ്റൻറ് ആയിരിക്കുന്ന ഉദ്യോഗാർഥിയെ പ്രൊഫസർ ആയി നിയമിക്കുകയും ചെയ്യതായി അറിയാൻ കഴിഞ്ഞു. ഇവയെല്ലാം ജാതി ഉയർന്നുനിൽക്കുന്ന ആളുകളെ നിയമിക്കുന്നതിനായി വിദ്യാഭ്യാസത്തിനും പ്രവർത്തിപരിചയ ദിനം ഒരു മുൻതൂക്കവും നൽകാതെ ഡയറക്ടർ സ്വന്തമായി നടത്തുന്ന പ്രവർത്തികൾ തടയണമെന്നും അങ്ങയുടെ ഇടപെടൽ ഉണ്ടാകണമെന്നും അപേക്ഷിക്കുന്നു.

8. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ റാങ്കിൽ ഡയറക്ടർ ഒപ്പം മുൻപ് ജോലി ചെയ്യിരുന്ന ആളെ കേരള ഗവൺമെൻറ് നിയമപ്രകാരം അല്ലാതെ റിട്ടയർമെൻറ് നുശേഷം വിളിച്ചുവരുത്തി നിയമിക്കുകയും ചെയ്യു.

9. സ്വന്തം താൽപര്യപ്രകാരം മലയാളിയല്ലാത്ത വേണ്ടത്ര പ്രവർത്തിപരിചയം ഇല്ലാത്ത ഒരു സ്ത്രീയെ ഡയറക്ഷൻ ഡിപ്പാർട്ട്മെൻറ് അസിസ്റ്റൻറ് പ്രൊഫസർ ആയി നിയമിച്ചതായി

അറിയാൻ കഴിഞ്ഞു.

10 സർവീസിൽ ഇല്ലാത്ത അഡ്മിനിസ്ട്രേറ്റീവ് ഓഫീസറെ നിയമിക്കുകയും അതുവഴി ലക്ഷക്കണക്കിന് രൂപയുടെ പർച്ചേസ് സുകൾ സ്വന്തമായി അപ്രൂവ് ചെയ്യുകയും അവ നടപ്പിലാക്കുകയും ചെയ്തതായും അറിയാൻ കഴിഞ്ഞു.

11. കേരള മുഖ്യമന്ത്രിയായ അങ്ങയുടെ അടുത്ത ശ്രീ അടൂർ ഗോപാലകൃഷ്ണൻ ഉള്ള താല്പര്യം ചൂഷണം ചെയ്തുകൊണ്ട് നടത്തിയ അവസാനത്തെ റിക്രൂട്ട്മെൻറ് റിസൾട്ട് പബ്ലിഷ് ചെയ്യുന്നതിന് മുമ്പായി ഇവയെക്കുറിച്ച് അന്വേഷണം നടത്തണമെന്നും അങ്ങയുടെ ഇടപെടൽ ഉണ്ടാകണമെന്ന് ഈ കത്തിൽ അപേക്ഷിക്കുന്നു.

12. വിദ്യാർത്ഥികളുടെ അഡ്മിഷനും ആയി ബന്ധപ്പെട്ട ജാതീയമായ വേർതിരിവ് നടത്തുന്നതിനായി കട്ടോഫ് എന്ന മാനദണ്ഡം പുതുതായി രൂപകല്പനചെയ്ത ഇതിൻറെ ഭാഗമായി ഒരു വിദ്യാർത്ഥി നടത്തുന്ന നിയമപോരാട്ടം കഴിഞ്ഞദിവസം ന്യൂസിൽ വായിക്കാനിടയായി. ഇടതുപക്ഷ ഗവൺമെൻറ് ഇരിക്കുമ്പോൾ ഇത്തരം വർണ്ണ വിവേചനം അഡ്മിഷൻ ഇലും റിക്രൂട്ട്മെൻറ് ലും നടന്നതിന് കർശന നടപടിയെടുക്കണമെന്ന് ഇതോടൊപ്പം അപേക്ഷിക്കുന്നു.

**Yours Faithfully**

**Adv. Eappen Scaria**

HEDN-L1/410/2022-HEDN

718272/2022/O/o Minister Higher Education

5396/H.Edn1/MHE&R SJ /2022

ബഹുമാനപ്പെട്ട ഉന്നതവിദ്യാഭ്യാസവകുപ്പ് മന്ത്രി ഡോ.ആർ ബിന്ദു ടീച്ചറുടെ അറിവിലേക്കായി

കേരള സർക്കാർ ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിൽ വരുന്ന സ്വയംഭരണ സ്ഥാപനമായ കോട്ടയം കെ ആർ നാരായണൻ ഫിലിം ഇൻസ്റ്റിറ്റിയൂട്ടിലെ അവസാന വർഷ അഭിനയ വിഭാഗം വിദ്യാർത്ഥികളാണ് ഞങ്ങൾ 2016 ഇൽ അഡ്മിഷൻ നേടിയ ഞങ്ങൾ. നീണ്ട അഞ്ചു വർഷങ്ങൾക്കു ശേഷം 2021 നവംബറിലാണ് അവസാന വർഷ പ്രോജക്ടിന്റെ ഷൂട്ടിങ് പൂർത്തീകരിക്കുന്നത് .ഷൂട്ടിംഗ് പൂർത്തിയായി ഏകദേശം ഒരു വർഷം ആയെങ്കിലും ഇതുവരെയും അതിൻറെ ബാക്കിയുള്ള ജോലികൾ (Post Production) തീരുകയോ . അതിലെ ശബ്ദ സാങ്കേതിക വിഭാഗം കൈകാര്യം ചെയ്ത വിദ്യാർഥിയുടേതടക്കം മൂല്യനിർണയം നടത്തപെടുകയോ ചെയ്തിട്ടില്ല .പ്രസ്തുത സ്ഥാപനം തന്നെ പ്രസിദ്ധീകരിച്ച ക്രമപ്പട്ടിക പ്രകാരം ജൂലൈയിൽ തന്നെ പ്രൊജെക്ടുമായി ബന്ധപ്പെട്ട അവസാനവട്ട Post Production കഴിയേണ്ടതായിരുന്നു .എന്നാൽ ക്രമപ്പട്ടിക പ്രകാരം ബാക്കിയുള്ള പ്രോജക്ടുകളുടെ എല്ലാം Post Production കഴിഞ്ഞിട്ടു കൂടി , സ്ഥാപന അധികാരികൾ യാതൊരു അറിയിപ്പോ വിശദീകരണമോ കൂടാതെ ഞങ്ങൾ അഭിനയ വിഭാഗം വിദ്യാർത്ഥികളുടെ പ്രോജക്ടിന്റെ Post Production അനിശ്ചിത കാലത്തേക്ക് നീട്ടി വച്ചിരിക്കുകയാണ് .

2016 ഇൽ മൂന്നു വർഷ കോഴ്സിൽ ചേർന്ന ഞങ്ങൾക്ക് നീണ്ട ആറു വര്ഷങ്ങള്ക്കു ശേഷവും ഇൻസ്റ്റിറ്റ്യൂട്ട് അധികാരികളുടെ ഇത്തരം സമീപനങ്ങളും പ്രവർത്തികളും കാരണം കോഴ്സ് പൂർത്തീകരിക്കാൻ ആകുന്നില്ല .ഇനി ഞങ്ങളുടെ പ്രൊജക്റ്റുമായി ബന്ധപ്പെട്ട് അതിന്റെ '5.1 Mix' (ശബ്ദവിന്യാസം) കൂടിയാണ് ചെയ്യാനായി ബാക്കി ഉള്ളത്.അതിനാൽ ഞങ്ങൾക്കും . പ്രോജെക്ടിൽ ഉൾപ്പെട്ട ശബ്ദ വിഭാഗം വിദ്യാർത്ഥിക്കും എത്രയും വേഗം പ്രൊജക്റ്റും മൂല്യനിർണയവും പൂർത്തീകരിച്ചു കോഴ്സ് പൂർത്തീകരിക്കാൻ വേണ്ട നടപടികൾ കൈക്കൊള്ളണമെന്ന് അപേക്ഷിക്കുന്നു .

എന്ന് വിശ്വസ്തതയോടെ,

2016 ബാച്ച് അഭിനയ വിഭാഗം വിദ്യാർഥികൾ .
കെ ആർ നാരായണൻ ഫിലിം ഇൻസ്റ്റിറ്റ്യൂട്ട്
കോട്ടയം
15-09-2022

Renjith.m

1677/VIP/HEdn

O/o M (SC,ST, BC, P&D) E-OFFICE 6567401 22 (ST BC & DEV)

ബഹുമാനപ്പെട്ട പട്ടികജാതി, പട്ടിക വർഗ്ഗക്ഷേമ വകുപ്പ് മന്ത്രി അവർകൾ മുമ്പാകെ,

കേരള ഉന്നത വിദ്യാഭ്യാസ വകുപ്പിനു കീഴിൽ വരുന്ന കെ.ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് ആൻഡ് ആർട്സ് എന്ന സ്ഥാപനത്തിലെ മൂന്നാം വർഷ ഛായാഗ്രഹണ വിഭാഗം വിദ്യാർഥിയാണു ഞാൻ. 2015 സെപ്റ്റംബറിലാണ് മൂന്നു വർഷ കോഴ്സ് ആരംഭിച്ചതെങ്കിലും പല കാരണങ്ങൾ കൊണ്ടു അത് നീണ്ടു പോകുകയായിരുന്നു. ഒരു ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിനു വേണ്ടുന്ന അടിസ്ഥാന സൗകര്യങ്ങൾ നേടിയെടുക്കുന്നതിൽ വന്ന കാലതാമസമായിരുന്നു അവയിൽ പ്രധാനപ്പെട്ടത്. എന്നിരുന്നാലും 2020 ഫെബ്രുവരിയോട് കൂടി എന്റെ ബാച്ചിന്റെ അവസാന വർഷ ഡിപ്ലോമ ഫിലിമുകളുടെ ഷൂട്ടിംഗ് ആരംഭിക്കുകയും, കോവിഡ് വ്യാപനത്തെ തുടർന്ന് അവ മുടങ്ങുന്നതിനു മുമ്പ് പത്തിൽ നാല് ഡിപ്ലോമ ഫിലിമുകളുടെ ഷൂട്ടിംഗ് പൂർത്തിയാകുകയും ചെയ്തിരുന്നു. ഇതിനു ശേഷം 2020 ജൂൺ വരെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭാഗത്തു നിന്നും അവസാന വർഷ പ്രൊജക്ടുമായി ബന്ധപ്പെട്ടു ഒരു അറിയിപ്പും വന്നിരുന്നില്ല.

ജൂൺ ആദ്യ വാരം ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ശ്രീ. ശങ്കർ മോഹൻ ബാക്കിയുള്ള ഡിപ്ലോമ ഫിലിമുകളുടെ ഷൂട്ടിംഗ് സംബന്ധിച്ചുള്ള കാര്യങ്ങൾ അറിയിക്കുവാൻ വിദ്യാർത്ഥികളുമായി ഒരു സൂം മീറ്റിംഗ് നടത്തുകയുണ്ടായി. അതിൽ ബാക്കിയുള്ള വിദ്യാർത്ഥികളുടെ പ്രൊജക്ട് നടത്താതെ തന്നെ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യാനാണ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ തീരുമാനം എന്നറിയിച്ചു. എന്നാൽ വിദ്യാർഥികൾ ഇതിനെ ശക്തമായി എതിർക്കുകയും, ഔട്ട്ഡോർ ഷൂട്ടിങ്ങിനു മേലുള്ള കോവിഡ് നിയന്ത്രണങ്ങൾ ഗവൺമെന്റ് പിൻവലിക്കുന്ന മുറയ്ക്ക് ബാക്കിയുള്ള പ്രോജക്ടുകളുടെ ഷൂട്ടിംഗ് പുനരാരംഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടും ഇൻസ്റ്റിറ്റ്യൂട്ടിനു കത്തയക്കുകയുണ്ടായി. ഇതിനു ശേഷം ബാക്കിയുള്ള ഷൂട്ടുകൾ തിരുവനന്തപുരം ചിത്രാഞ്ജലി സ്റ്റുഡിയോക്കുള്ളിലായി പരിമിതപെടുത്താനാണ് തീരുമാനമെന്ന് ഇൻസ്റ്റിറ്റ്യൂട്ട് അറിയിച്ചു. കോവിഡ് വ്യാപനം ശക്തമായി തുടരുകയും, പല സ്ഥലങ്ങളും ലോക്ക്ഡൗണിൽ ആവുകയും, മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നും തന്നെ പ്രവർത്തനം ആരംഭിക്കാതെയും ഇരിക്കുന്ന സമയത്തായിരുന്നു വിദ്യാർത്ഥികളെ ഷൂട്ടിങ്ങിനു നിർബന്ധിച്ചുകൊണ്ടുള്ള ഈ അറിയിപ്പ്. മാത്രവുമല്ല, അവസാന വർഷ ഡിപ്ലോമ പ്രോജക്ടിന്റെ മാനദണ്ഡങ്ങൾ പ്രകാരം ഇൻസ്റ്റിറ്റ്യൂട്ടിനു ചുറ്റുമുള്ള 150 കിലോമീറ്റർ ചുറ്റളവിൽ ഷൂട്ടിംഗ് അനുവദനനീയമായിരുന്നു. അത് പ്രകാരമാണ് മുൻ ബാച്ചിന്റെയും, എന്റെ ബാച്ചിലെ ആദ്യത്തെ നാല് പ്രൊജക്ടുകളുടെയും ഷൂട്ട് പൂർത്തീകരിച്ചിരുന്നത്. ഈ കാരണങ്ങൾ എല്ലാം ചൂണ്ടിക്കാണിച്ചുകൊണ്ട് വിദ്യാർത്ഥികൾ ഒന്നടങ്കം ചിത്രാഞ്ജലിയിൽ മാത്രമായി ബാക്കിയുള്ള ഷൂട്ടുകൾ

30 SEP 2022

11163

പരിമിതപ്പെടുത്താനുള്ള തീരുമാനത്തിനെതിരെ ഇൻസ്റ്റിറ്റ്യൂട്ടിനു കത്തയക്കുക
യുണ്ടായി. ഇതിനു ശേഷം വിദ്യാർത്ഥി സംഘടനയിലെ അംഗങ്ങളെ ഇൻസ്റ്റി
റ്റ്യൂട്ട് അധികാരികൾ വ്യക്തിപരമായി അധിക്ഷേപിച്ചതിൽ പ്രതിഷേധിച്ചു സംഘ
ടനാ അംഗങ്ങൾ രാജിവെക്കുകയുണ്ടായി.

ഇതിനു ശേഷം 2020 സെപ്റ്റംബറിൽ തിരുവനന്തപുരം ചിത്രാഞ്ജലിക്കു
ള്ളിൽ ഷൂട്ടിംഗ് നടത്താൻ ഇൻസ്റ്റിറ്റ്യൂട്ട് തീരുമാനിക്കുകയും, പട്ടികയും തീയ
തിയും തയ്യാറാക്കുകയും ചെയ്തു. എന്നാൽ പട്ടികജാതി, പട്ടിക വർഗ വിദ്യാർ
ത്ഥികൾക്ക് അവകാശപ്പെട്ട E Grantz കോഴ്സ് തുടങ്ങി നാലര വർഷങ്ങൾക്കു
ശേഷവും ലഭ്യമാവാത്തതിൽ പ്രതിഷേധിച്ചു. അർഹതപ്പെട്ട വിദ്യാർഥികൾ
ഷൂട്ടിംഗ് ബഹിഷ്കരിക്കുകയുണ്ടായി. ഇതിനു ശേഷം 2020 ഡിസംബറിൽ
അക്കാഡമിക് കൗൺസിൽ യോഗം ചേർന്ന് E Grantz വിഷയത്തിൽ പ്രതിഷേധിച്ച
വിദ്യാർത്ഥികളെ ഒഴിവാക്കിക്കൊണ്ട് പ്രൊജക്ട് പൂർത്തീകരിക്കാൻ തീരുമാനി
ക്കുകയും, നിലവിലുണ്ടായിരുന്ന ഡിപ്ലോമ ഷൂട്ടിംഗ് മാനദണ്ഡങ്ങളിൽ മാറ്റം
വരുത്തുകയും ചെയ്തു. വിദ്യാർത്ഥി പ്രാതിനിധ്യം ഒഴിവാക്കിയാണ് ആ
അക്കാഡമിക് കൗൺസിൽ യോഗം കൂടിയത്. ആ യോഗങ്ങളിൽ ചില അംഗങ്ങ
ളിൽ നിന്നും പ്രതിഷേധി ക്കുന്ന വിദ്യാർത്ഥികൾക്ക് എതിരെ പട്ടികജാതി പട്ടിക
വർഗ്ഗ വിരുദ്ധ പരാമർശങ്ങൾ ഉണ്ടായതായി ആ യോഗത്തിൽ തന്നെ പങ്കെടുത്ത
മറ്റൊരു അംഗം തന്നെ വിദ്യാർത്ഥികളെ അറിയിക്കുകയുണ്ടായി മാത്രവുമല്ല,
നിലവിലുണ്ടായിരുന്ന മൂന്നു വർഷ കോഴ്സ് ചുരുക്കി രണ്ടു വർഷ കോഴ്സ്
ആക്കാനുള്ള തീരുമാനവും ഈ യോഗത്തിലാണ് ഉണ്ടായത്. ഇത് വിദ്യാർത്ഥി
ക്കിടയിൽ നിന്നും അലുംനി അംഗങ്ങളിൽ നിന്നും, മറ്റ് പല ഫിലിം അക്കാഡമി
ക്കുകളിൽ നിന്നും ഒട്ടേറെ പ്രതിഷേധങ്ങൾക്ക് ഇടയാക്കിയിരുന്നു. 2020 ഡിസംബ
റിൽ കൂടിയ ആ അക്കാഡമിക് കൗൺസിൽ യോഗത്തിനും, അതിൽ ഉണ്ടായ
തീരുമാനങ്ങൾക്കും എതിരെ വിശദമായ ഒരു പരാതി 2021 ജനുവരിയിൽ
വിദ്യാർത്ഥി സംഘടന മുഖ്യമന്ത്രിക്കു സമർപ്പിച്ചിരുന്നു.

ഇതു കഴിഞ്ഞു 2021 ഫെബ്രുവരിയിൽ പുതുക്കിയ മാനദണ്ഡങ്ങൾ
പ്രകാരം തിരുവനന്തപുരം ചിത്രാഞ്ജലിക്കുള്ളിൽ മാത്രമായി ഷൂട്ട് പരിമിത
പ്പെടുത്തിക്കൊണ്ടു ഇൻസ്റ്റിറ്റ്യൂട്ട് പട്ടിക പുറപ്പെടുവിച്ചു. ഔട്ട്ഡോർ ഷൂട്ടിങ്ങിനു
മേൽ ഉണ്ടായിരുന്ന കോവിഡ് നിയന്ത്രണങ്ങൾ ഗവൺമെന്റ് പിൻവലിക്കുകയും
എല്ലാ തരം ഷൂട്ടിങ്ങുകളും കേരളത്തിൽ അങ്ങോളമിങ്ങോളം നടക്കുന്ന സമയ
ത്തായിരുന്നു ഇത്. ഇതിൻപ്രകാരം ഉള്ള ആദ്യ ഷൂട്ടിംഗ് ചിത്രാഞ്ജലിക്കുള്ളിൽ
നടത്തപ്പെടുകയും, അതിന്റെ നടത്തിപ്പു രീതി മൂലം ഉണ്ടായ ഒട്ടേറെ പ്രായോഗിക
പ്രശ്നങ്ങൾ പ്രതിഷേധങ്ങൾക്കു ഇടയാക്കുകയും ചെയ്തിരുന്നു. അവിടെ
നിശ്ചയിച്ചിരുന്ന രണ്ടാമത്തെ ഷൂട്ടിന്റെ ഛായാഗ്രഹണം കൈകാര്യം ചെയ്യേണ്ടി
യിരുന്നയാൾ ഞാൻ ആയതിനാൽ ലൊക്കേഷൻ വിസിറ്റിനു ഞാനും, ഷൂട്ടിംഗ്

സംഘത്തിലെ മറ്റു സഹവിദ്യാർത്ഥികളും അന്നേരം ചിതാഞ്ജലി സ്റ്റുഡിയോക്കുള്ളിൽ ഉണ്ടായിരുന്നു. അതിനാൽ തന്നെ ആദ്യ ഷൂട്ട് നടത്തപ്പെട്ട രീതി നേരിട്ടു കണ്ടു മനസിലാക്കുകയും, ചിതാഞ്ജലിക്കുള്ളിൽ മാത്രമായി ഷൂട്ട് ചെയ്യുവാൻ സാധ്യമല്ലെന്നു കാരണങ്ങൾ ചൂണ്ടിക്കാട്ടി ഞാനും, ഷൂട്ടിംഗ് ചെയ്യാൻ ബാക്കിയുണ്ടായിരുന്ന മറ്റു രണ്ടു ക്രൂവിലെ വിദ്യാർത്ഥികളും ഇൻസ്റ്റിറ്റ്യൂട്ട് അധികാരികളെ അറിയിക്കുകയും ചെയ്തു. ഇതേ കാര്യം അന്നേരം ചിത്രാഞ്ജലി സ്റ്റുഡിയോയിൽ ഉണ്ടായിരുന്ന ഡിപ്പാർട്ട്മെന്റ് HOD യോട് വിശദമായി നേരിട്ട് സംസാരിക്കുകയും ചെയ്തിരുന്നു. അതിനു ശേഷം 2021 മാർച്ച് 5ന് മറ്റു വിദ്യാർത്ഥികളുമായി കോളേജിലെത്തി ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറെ നേരിട്ട് കണ്ട് കാര്യങ്ങൾ വിശദീകരിക്കുകയും, വേണ്ട തീരുമാനങ്ങൾ എടുക്കുവാനും അപേക്ഷിച്ചു. അന്നേരം തനിക്കു മാത്രമായി ഈ വിഷയത്തിൽ തീരുമാനമെടുക്കാൻ ആവില്ലെന്നും. അക്കാഡമിക് കൗൺസിലിനോടും മറ്റും ആലോചിച്ചിട്ട് തീരുമാനം അറിയിക്കാമെന്നുമാണ് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പറഞ്ഞത്.

എന്നാൽ അതിനു ശേഷം ഒരു അറിയിപ്പും ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭാഗത്തു നിന്നും ഉണ്ടാകാതിരിക്കുകയും, ഞാൻ ചെയ്യേണ്ടിയിരുന്ന ഡിപ്ലോമ ഫിലിമിന്റെ ഷൂട്ടിംഗ് ആ പ്രോജക്ടിലെ ഡിറക്ഷൻ വിദ്യാർത്ഥിയുടെ സുഹൃത്ത് (അവിടെ വിദ്യാർത്ഥി അല്ലാത്ത ഒരാൾ) വന്നു ഛായാഗ്രഹണം ചെയ്യുകയുമുണ്ടായി. ഡിപ്ലോമ ഷൂട്ടിങ്ങുമായി ബന്ധപ്പെട്ടുണ്ടായിരുന്ന എല്ലാ മാനദണ്ഡങ്ങൾക്കും വിരുദ്ധമായിരുന്ന ഒരു അറിയിപ്പും കൂടാതെ ഉണ്ടായ ഈ സംഭവം. നീണ്ട അഞ്ചു വർഷത്തെ പഠനത്തിനു ശേഷം ഞാൻ ചെയ്യേണ്ടിയിരുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രൊജക്ടിൽ നിന്നും ഒരു അറിയിപ്പു പോലും കൂടാതെ എന്നെ ഒഴിവാക്കി. ആ സ്ഥാനത്തു വിദ്യാർത്ഥി അല്ലാത്ത ഒരാളെ ഉൾക്കൊള്ളിച്ചു കൊണ്ട് മുന്നോട്ട് പോകാൻ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ശങ്കർ മോഹൻ തീരുമാനിച്ചത് Egrantz സമരത്തിൽ പങ്കെടുത്ത പട്ടികജാതി വിദ്യാർത്ഥിയായ എന്നോടുള്ള ജാതീയത കലർന്ന പ്രതികാര നടപടി ആണെന്നു തന്നെ ഞാൻ വിശ്വസിക്കുന്നു. ഇതിലെ നീതികേടും പ്രശ്നങ്ങളും ചൂണ്ടിക്കാട്ടി ഞാനും, ഷൂട്ട് ചെയ്യാനുണ്ടായിരുന്ന മറ്റു രണ്ടു ക്രൂവിലെ അംഗങ്ങളും ചേർന്ന് അക്കാഡമിക് കൗൺസിലിന് വിശദമായ ഒരു പരാതി സമർപ്പിക്കുകയുണ്ടായി. എന്നാൽ ആ പരാതിക്കും ഒരു മറുപടിയും ഇൻസ്റ്റിറ്റ്യൂട്ട് അധികാരികളുടെ ഭാഗത്തു നിന്നും ഉണ്ടായില്ല.

ഇതെല്ലാം കഴിഞ്ഞു 2021 ഓഗസ്റ്റിൽ, ചിത്രാഞ്ജലിക്കുള്ളിൽ മാത്രമായി പരിമിതപ്പെടുത്തിയിരുന്ന ഷൂട്ട് ബഹിഷ്കരിച്ചിരുന്ന ജൂനിയർ ബാച്ചിനും, എന്റെ ബാച്ചിലെ മറ്റു രണ്ടു ക്രൂവിനും ചത്രാഞ്ജലിയും, അതിനു ചുറ്റുമജല്ല 25 കിലോമീറ്റർ ചുറ്റളവിലും ഷൂട്ടിംഗ് നടത്താൻ ഇൻസ്റ്റിറ്റ്യൂട്ട് അനുമതി നൽകുകയുണ്ടായി. ഞാൻ ഉയർത്തിയിരുന്ന അതെ കാരണങ്ങൾ ചൂണ്ടിക്കാട്ടിയാണ്

ജൂനിയർ ബാച്ച് വിദ്യാർത്ഥികളും ചിത്രാഞ്ജലിക്കുള്ളിൽ മാത്രമായി ഷൂട്ടിംഗ് പരിമിതപ്പെടുത്തുന്നതിനെതിരെ പ്രതിഷേധിച്ചത്. എന്നിട്ടും എന്തുകൊണ്ടാണ് എന്റെ കാര്യത്തിൽ മാത്രം ഇൻസ്റ്റിറ്റ്യൂട്ട് അധികാരികൾ വേണ്ട നടപടി സ്വീകരിക്കാതിരുന്നതെന്നു എനിക്കു അപ്പോൾ മനസ്സിലായിരു ന്നില്ല.

ഇതിനു ശേഷം ഞാനും എന്റെ അച്ഛനും കൂടി കോളേജിൽ പോയി ഇൻസ്റ്റിറ്റ്യൂട്ട് ഡിറക്ടറിനെ നേരിട്ട് കാണുകയും, എന്റെ കാര്യത്തിൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭാഗത്തു നിന്നും ജൂനിയർ ബാച്ചിന്റെയും, എന്റെ ബാച്ചിലെ മറ്റു വിദ്യാർത്ഥികളുടെ കാര്യത്തിലും ഉണ്ടായ പോലെയുള്ള ഒരു അനുകൂല തീരുമാനം ഉണ്ടാകണമെന്ന് അപേക്ഷിച്ചു. എന്നാൽ അത്യന്തം അപമാനകരമായ രീതിയിലാണ് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ എന്നോടും എന്റെ അച്ഛനോടും സംസാരിച്ചത്. E Grantz വിഷയവുമായി ഇൻസ്റ്റിറ്റ്യൂട്ട് ഡിറ്റക്ടറുടെ പരാമർശങ്ങളിൽ നിന്നും എനിക്കും എന്റെ അച്ഛനും മനസിലാക്കാൻ സാധിച്ചത്, മുമ്പ് E Grantz വിഷയത്തിൽ ഇൻസ്റ്റിറ്റ്യൂട്ടിനെതിരെ പ്രതിഷേധിച്ചതിന്റെ പകപോക്കലാണ് എന്റെ കാര്യത്തിലുള്ള ഈ ഇരട്ടനീതി സമീപനമെന്നാണ്. ഒരു പ്രീമിയർ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിനു അത്ര കണ്ട് അനഭിമതമല്ലാത്ത ഒരു സാമൂഹിക, സാമ്പത്തിക ചുറ്റുപാടിൽ നിന്നാണ് സ്വന്തം കഴിവിന്റെ ബലത്തിൽ മാത്രം പട്ടിജാതി വിദ്യാർത്ഥികളായ ഞാനും എന്റെ പല സുഹൃത്തുക്കളും, ദേശീയ നിലവാരത്തിൽ ഉള്ള ഒരു വിദ്യാഭ്യാസ സ്ഥാപനത്തിൽ എത്തപ്പെട്ടത്. അവിടെ നമുക്ക് നേരിടേണ്ടി വന്ന പലതരം വിവേചനങ്ങളിൽ ഒടുക്കത്തേതാണ് അവകാശപ്പെട്ട E Grantz ലഭ്യമാക്കാത്തതിനെതിരെ പ്രതിഷേധിച്ചതിനുള്ള ഇത്തരം പകപോക്കൽ.

ഇതു കഴിഞ്ഞു അവസാനമായി ഞാൻ ഇൻസ്റ്റിറ്റ്യൂട്ട് അധികാരികൾക്ക് അയച്ച കത്തിൽ ജൂനിയർ ബാച്ചിന്റെ ആക്ടിങ്ങ് ഡിപ്പാർട്ട്മെന്റ് ഡിപ്ലോമ എന്നെക്കൊണ്ട് ഛായാഗ്രഹണം ചെയ്യിക്കണമെന്നും, അതിലെ എന്റെ പ്രകടനം വിലയിരുത്തി മൂല്യനിർണയം നടത്തണമെന്നുമാണ് അപേക്ഷിച്ചിട്ടുള്ളത്. സാധാരണ ആക്ടിങ് ഡിപ്ലോമയ്ക്കു ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുറത്തു നിന്നോ, പൂർവ വിദ്യിർത്ഥികളിൽ നിന്നോ ഛായാഗ്രഹകനെ കണ്ടെത്താറാണ് പതിവ്. എന്നാൽ 2021 ആഗസ്റ്റിൽ അയച്ച കത്തിനും ഒരു മറുപടിയും അധികാരികളുടെ ഭാഗത്തു നിന്നും ഉണ്ടായില്ല.

ഇത്തരം അനവധി അവഗണനകൾക്ക് ഒടുവിലാണ് നീതിക്കു വേണ്ടി കോടതിയെ സമീപിക്കാൻ ഞാൻ നിർബന്ധിതനായത്. 2016 ബാച്ചിന്റെ ആക്ടിംഗ് ഡിപ്ലോമ ഫിലിമിൽ എന്നെ ഉൾപ്പെടുത്തണമെന്നതായിരുന്ന കേസിന്റെ പ്രധാന ആവശ്യം എന്നാൽ ഇതിനകം തന്നെ മറ്റൊരു ഡിപ്ലോമ പ്രൊജക്ട് ചെയ്തിരുന്ന വിദ്യാർത്ഥിയെ ഉൾപ്പെടുത്തി ഇൻസ്റ്റിറ്റ്യൂട്ട് തിടുക്കത്തിൽ പ്രൊജക്ടുമായി മുന്നോട്ടു പോയി. ഈ പ്രോജക്ടിന്റെ ഷൂട്ടിങ്ങിനു സ്റ്റേ ആവശ്യപ്പെട്ടു

കോടതിയെ സമീപിച്ചപ്പോൾ ഒരു സത്യവാങ്മൂലം ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഗവൺമെന്റ് സ്റ്റാന്റിംഗ് കൗൺസിലിനെ കൊണ്ട് കോടതിക്ക് മുമ്പാകെ സമർപ്പിക്കുകയും, കോടതി ആ സത്യവാങ്മൂലം പരിഗണിച്ചു സ്റ്റേ നിഷേധിക്കുകയും ചെയ്തു. ഇതിനു ശേഷമുള്ള ഹിയറിങ്ങിൽ ബന്ധപ്പെട്ട രേഖകളുടെ വെളിച്ചത്തിൽ ഡയറക്ടർ കോടതിയിൽ സമർപ്പിച്ചിരുന്ന സത്യവാങ്മൂലത്തിൽ ഉണ്ടായിരുന്നത് വസ്തുതാവിരുദ്ധമായ വാദങ്ങൾ ആയിരുന്നുവെന്ന് കോടതിയെ ബോധ്യപ്പെടുത്താൻ സാധിച്ചു. അതിൻപ്രകാരം ഈ വിദ്യാർത്ഥിയോട് ഇൻസ്റ്റിറ്റ്യൂട്ട് ഡിറക്ടർക്കു എന്തെങ്കിലും വ്യക്തി വിരോധമുണ്ടോ? എന്ന് ജഡ്ജി വാക്കാൽ സ്റ്റാന്റിംഗ് കൗൺസിലിനോട് ചോദിക്കുക വരെ ഉണ്ടായി. ഈ ഘട്ടത്തിൽ എന്റെ ബാച്ചിലെ മറ്റു വിദ്യാർത്ഥികൾക്ക് ചെയ്യാൻ അവസരം കിട്ടിയതു പോലുള്ള ഒരു ഡിപ്ലോമ പ്രൊജക്റ്റ് എനിക്കും അനുവദിച്ചു നൽകുക എന്നതാണ് നീതി എന്ന് ഞാൻ വിശ്വസിക്കുന്നു. ഇങ്ങനെ ഒരു പ്രൊപോസൽ സ്റ്റാൻഡിംഗ് കൗൺസിൽ മുന്നോട്ടു വയ്ക്കുന്ന പക്ഷം എല്ലാത്തരം കോടതി നടപടികളും ഉപേക്ഷിക്കാമെന്നു കോടതിയെ അറിയിച്ചിട്ടുണ്ട്.

ഈ വസ്തുതകളുടെ അടിസ്ഥാനത്തിൽ കേസിലെ മൂന്നാം എതിർകക്ഷിയായ ഗവൺമെന്റിന്റെ ഭാഗത്തു നിന്നും സ്റ്റാന്റിംഗ് കൗൺസിൽ മുഖേന നീതിയുടെ ഭാഗത്തു നിന്നുള്ള നടപടികൾ ഉണ്ടാകണമെന്ന് അപേക്ഷിക്കുന്നു.

എന്ന്
വിശ്വസ്തതയോടെ

അനന്തപദ്മനാഭൻ
മൂന്നാം വർഷ ഛായാഗ്രഹണ വിഭാഗം
വിദ്യാർത്ഥി (2015 ബാച്ച് ) KRNN Institute of Visual Science and Arts
E-mail: anandan.vijay13@gmail.com
Mob: 95391 42930